رسالة مقترحة من أب لابنه في الحث على الصلاة

## നിസ്ക്കാരത്തിന്റെ കാര്യത്തിൽ പ്രോത്സാഹിപ്പിച്ചുകൊണ്ട്

# ഒരു ഉപ്പ മകനെഴുതുന്ന കത്ത്


ശൈഖ് അബ്ദുർറസാക്ക് അൽ ബദർ

(حفظه الله)

വിവർത്തനം: അനസ് നദീരി

(غفر الله له)


“നിസ്ക്കാരം വേണ്ട രൂപത്തിൽ പതിവാക്കുന്ന കാര്യത്തിൽ മക്കൾ അലംഭാവം കാണിക്കുന്നു, നിസ്ക്കാരത്തിന് വിളിച്ചുണർത്തുമ്പോൾ എണീക്കാൻ അവർ മടി കാണിക്കുന്നു തുടങ്ങിയ പല ഉപ്പമാരുടെയും പരാതിയെ പരിഗണിച്ച് മക്കളെ നസ്വീഹത്ത് ചെയ്യുന്ന കാര്യത്തിൽ അവർക്കൊരു സഹായം എന്ന നിലക്കാണ് ഞാനീ കത്തെഴുതുന്നത്.

നമ്മുടെ മക്കളെ നമുക്ക് അല്ലാഹു കൺകുളിർമ്മയാക്കുകയും. അവരെ നന്നാക്കിത്തീർക്കുകയും അവന്റെ അനുഗ്രഹവും ഔദാര്യവും കൊണ്ട് അവരെ നിസ്ക്കാരം നിലനിർത്തുന്നവരാക്കുകയും ചെയ്യട്ടെ ”

بسم الله الرحمن الرحيم

വിശ്വസ്തനും പ്രിയപ്പെട്ടവനുമായ എന്റെ മകൻ....................ന്,

അല്ലാഹു എല്ലാ തിൻമകളിൽ നിന്നും നിന്നെ സംരക്ഷിക്കുകയും നിന്നെ തൃപ്തിപ്പെടുകയും ദുൻയാവിലും ആഖിറത്തിലും നിന്നെ സൗഭാഗ്യവാനാക്കുകയും ചെയ്യട്ടെ.

അസ്സലാമു അലൈക്കും..........

കൺകുളിർമ്മയും കരളിന്റെ കഷ്ണവുമായ മകനു വേണ്ടി, അവന് സൗഭാഗ്യ ജീവിതം പ്രതീക്ഷിച്ചു കൊണ്ടും അവന്റെ വിജയവും രക്ഷയും കൊതിച്ച് കൊണ്ടും, ദയാലുവും വാത്സല്യവാനുമായ ഉപ്പയുടെ ഹൃദയത്തിന്റെ മഷി കൊണ്ട് ഞാൻ എഴുതുന്ന സ്നേഹത്തിന്റെയും ഓർമ്മപ്പെടുത്തലിന്റെയും കത്താണിത്.

അല്ലാഹു അവന്റെ സഹായം കൊണ്ട് നിന്നെ ഏറ്റെടുക്കാനും, നേരായ വഴിക്ക് നടത്തിയും പരിപാലിച്ചും നിന്നെ കാത്തുകൊള്ളാനും അവനോട് മാത്രമാണ് ഞാൻ പ്രാർത്ഥിക്കുന്നത്.

എന്റെ പ്രിയപ്പെട്ട മകനേ, നീ അറിയണം!

ഒരു അടിമയെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് നിസ്ക്കാരം. അത് ആരെങ്കിലും വേണ്ട രൂപത്തിൽ നിർവ്വഹിക്കുകയും, പതിവാക്കുകയും ചെയ്താൽ അവൻ

അവന്റെ ദീനിനെ സംരക്ഷിച്ചു., ആരതിനെ പാഴാക്കിയോ! അവൻ മറ്റു കർമ്മങ്ങളെ അതിലേറെ പാഴാക്കിയവനാകും.

നിസ്ക്കാരം ഇസ്ലാമിന്റെ നെടുംതൂണാണ്. മറ്റെല്ലാ അമലുകളും സ്വീകരിക്കപ്പെടുന്നത് നിസ്ക്കാരം സ്വീകാര്യമാണോ എന്നതിന്റെ അടിസ്ഥാനത്തിലാണ്. ഒരാളുടെ നിസ്ക്കാരം അസ്വീകാര്യമാണെങ്കിൽ അവന്റെ എല്ലാ അമലുകളും തള്ളപ്പെടും.

ഇസ്ലാമിലെ ഒന്നാമത്തെ ഫർളാണ് നിസ്ക്കാരം. ഏറ്റവും അവസാനം ദീനിൽ നിന്ന് ഇല്ലാതാകുന്നതും നിസ്കാരം തന്നെയാണ്.

അപ്പോഴത് ഇസ്ലാമിന്റെ ആദ്യവും അവസാനവുമാണ്. നിസ്കാരം നിയമമാക്കപ്പെട്ട രൂപത്തിൽ പതിവായി നിർവ്വഹിക്കാത്ത ഒരു മുസ്ലിമിന്റെ ദീൻ ശരിയാവുകയില്ല. അവന്റെ അമലുകൾ സ്വീകരിക്കപ്പെടുകയില്ല. മതപരവും ഭൗതികവുമായ കാര്യങ്ങളിൽ അവന്റെ സ്വഭാവവും പെരുമാറ്റവും നേരെയാവുകയില്ല.

എന്റെ പ്രിയപ്പെട്ട മോനേ! നീ മനസ്സിലാക്കണം.

നിന്റെ റബ്ബിന്റെ മുമ്പിൽ എഴുന്നേറ്റ് നിൽക്കേണ്ട രണ്ട് സന്ദർഭങ്ങൾ നിനക്കുണ്ട്. അതിലൊന്ന്, ഈ ദുൻയവിയായ ജീവിതത്തിലാണ്. മറ്റൊന്ന്, ക്വിയാമത്ത് നാളിൽ നീ അല്ലാഹുവിനെ കണ്ട് മുട്ടുന്ന ദിവസവും.

ഇതിലൊന്നാമത്തെ നിർത്തം നീ നന്നാക്കിയാൽ അതിനെത്തുടർന്ന് രണ്ടാമത്തെ നിർത്തത്തിൽ നീ വിജയിക്കുകയും അവിടെ നീ സൗഭാഗ്യവാനാവുകയും ചെയ്യും.

ഒന്നാമത്തെ നിർത്തത്തിലെ അടിമയുടെ അവസ്ഥ മോശമാണെങ്കിൽ അതിനെത്തുടർന്ന് രണ്ടാമത്തെ നിർത്തത്തിലും അവന്റെ കാര്യം നഷ്ടത്തിലാവുകയും പാഴായിപ്പോവുകയും ചെയ്യും.

ഒന്നാമത്തെ നിർത്തം, രാവും പകലുമായി അല്ലാഹു തന്റെ ദാസൻമാർക്ക് നിർബന്ധമാക്കിയ അഞ്ച് നേരത്തെ നിസ്ക്കാരത്തിലാണ്. നിസ്ക്കാരം ആരെങ്കിലും വേണ്ട രൂപത്തിൽ പതി

വാക്കുകയും അക്കാര്യത്തിൽ ശ്രദ്ധ പുലർത്തുകയും സമയാധി ഷ്ഠിതമായി നിർവ്വഹിക്കുകും അതിന്റെ ശർതുകളും അർകാനുക ളും വാജിബാതുകളും സൂക്ഷിച്ച് പോരുകയും ചെയ്താൽ ക്വിയാമ ത്ത് നാളിലെ റബ്ബിന്റെ മുമ്പിലുള്ള നിർത്തം അവന് എളുപ്പമാവുക യും അവിടെ അവൻ വിജയിക്കുകയും രക്ഷപ്പെടുകയും ചെയ്യും.

എന്നാൽ, ഈ നിർത്തത്തിൽ ആരെങ്കിലും അലംഭാവം കാണിക്കുകയോ, അശ്രദ്ധ കാണിക്കുകയോ, പതിവായി നിലനിറു ത്താതിരിക്കുകയോ, അതിന്റെ റുക്നുകളും ശർത്വുകളും വാജി ബുകളും സൂക്ഷിക്കാതിരിക്കുകയോ ചെയ്താൽ ക്വിയാമത്ത് നാളി ലെ നിർത്തം അവനെ സംബന്ധിച്ചിടത്തോളം പ്രയാസകരമായിരി ക്കും.

ഹുറൈസ്ബ്നു ഖബീസ്വ (റഹിമഹുല്ലാ) വിൽ നിന്നും ഇമാം തിർമിദിയും നസാഈയും ഉദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു:

“ഞാൻ മദീനയിൽ ചെന്നപ്പോൾ എനിക്ക് സ്വാലിഹായ ഒരു കൂട്ടുകാരനെ കിട്ടാൻ ഞാൻ അല്ലാഹുവോട് പ്രാർത്ഥിച്ചു. അങ്ങ നെ ഞാൻ അബൂഹുറൈറയുടെ അടുക്കൽ ചെന്ന് അദ്ദേഹത്തോ ട് ചോദിച്ചു. “അല്ലയോ അബൂഹുറൈറാ! എനിക്ക് സ്വാലിഹായ ഒ രു കൂട്ടുകാരനെ തരാൻ ഞാൻ അല്ലാഹുവോട് പ്രാർത്ഥിച്ചിട്ടുണ്ട്. അതുകൊണ്ട്, റസൂലിൽ നിന്നും കേട്ട ഏതെങ്കിലുമൊരു ഹദീഥ് നിങ്ങളെനിക്ക് പഠിപ്പിച്ച് തരണം. അല്ലാഹു അതെനിക്ക് ഉപകാരപ്രദ മാക്കിയേക്കാം.” അപ്പോൾ, അബൂഹുറൈറ പറഞ്ഞു: റസൂൽ(ﷺ) പ റയുന്നത് ഞാൻ കേട്ടിട്ടുണ്ട്.

إِنَّ أَوَّلَ مَا يُحَاسَبُ بِهِ العَبْدُ يَوْمَ القِيَامَةِ مِنْ عَمَلِهِ صَلَاتُهُ؛ فَإِنْ صَلحَتْ فَقَدْ أَفْلَحَ وَأَنْجَحَ، وَإِنْ فَسَدَتْ فَقَدْ خَابَ وَخَسِر

حديث صحيح.

"ക്വിയാമത്ത് നാളിൽ അടിമ ഒന്നാമതായി അവന്റെ അമലുകളിൽ നിന്ന് വിചാരണ ചെയ്യപ്പെടുന്നത് നിസ്കാരത്തെ കുറിച്ചാണ്. അത് നന്നായാൽ അവൻ വിജയിക്കുകയും രക്ഷപ്പെടുകയും ചെയ്യും. അത് മോശമായാൽ അവൻ പരാജയപ്പെടുകയും നഷ്ടക്കാരനാവുകയും ചെയ്യും."

മോനേ നീ ചിന്തിച്ച് നോക്ക്!

ഒന്നാമത്തെ നിർത്തം നന്നായാൽ രണ്ടാമത്തെ നിർത്തവും നന്നാവുകയും, ആദ്യത്തേത് നഷ്ടം സംഭവിച്ചാൽ രണ്ടാമത്തേതിലും നഷ്ടക്കാരനാവുകയും ചെയ്യുന്നു.

അതുകൊണ്ട് നിസ്കാരത്തിന്റെ കാര്യത്തിൽ നീ അല്ലാഹുവിനെ സൂക്ഷിക്കുക. അവന്റെ മുമ്പിലുള്ള ഈ നിർത്തം നിർവ്വഹിക്കേണ്ട രൂപത്തിൽ നീ പതിവാക്കി നിലനിർത്തുക.

നിസ്കാരത്തിന്റെ കാര്യം നീ ഗൗരവത്തിൽ കാണുക. അല്ലാഹുവിന്റെ അടുക്കൽ നിന്റെ കാര്യവും വലിയതാകും. അവന്റെ അടുക്കൽ നിന്റെ സ്ഥാനം ഉയരുകയും ചെയ്യും.

പ്രിയപ്പെട്ട മോനേ!

നിസ്കാരത്തിന്റെ കാര്യത്തിൽ നിന്നെ പ്രോത്സാഹിപ്പിച്ചും പ്രേരിപ്പിച്ചും നിന്റെ കാര്യത്തിൽ ശ്രദ്ധിക്കുന്ന ഒരു ഉപ്പയെ തന്നുകൊണ്ട് അല്ലാഹു നിന്നെ ആദരിച്ചിട്ടുണ്ടെങ്കിൽ ഒരിക്കലും നീ അതൊരു പ്രയാസമായി കാണരുത്. അദ്ദേഹം നിന്റെ കാര്യം തന്നെ ശ്രദ്ധിക്കുന്നത് ഒരു ബുദ്ധിമുട്ടായി, അസഹ്യമായി തോന്നരുത്. അദ്ദേഹം അല്ലാഹുവിന്റെ കോപത്തിൽ നിന്ന് നിന്നെ രക്ഷപ്പെടുത്താനുള്ള പണിയാണ് ചെയ്തത്. അവന്റെ തൃപ്തിയിലേക്ക് നിന്നെ എത്തിക്കാനുള്ള ജോലിയാണ് നിർവ്വഹിക്കുന്നത്.

നീ നിസ്കാരം വേണ്ടപ്രകാരം നിർവ്വഹിക്കുകയും പതിവാക്കുകയും ചെയ്യുന്ന നിസ്കാരക്കാരിൽ ഉൾപ്പെടാതെ അല്ലാഹു നിന്നെക്കുറിച്ച് തൃപ്തനാവുകയില്ല.

മോനേ!

നിസ്കാരത്തിലേക്ക് നീ വിളിക്കപ്പെട്ടാൽ സന്തോഷത്തോടെയും അങ്ങേയറ്റത്തെ താൽപര്യത്തോടെയും മടിയും അലംഭാവവും ഒഴിവാക്കിക്കൊണ്ടും നീ തയ്യാറാവുക എന്നത് നിസ്കാരത്തെ ഗൗരവത്തോടെ കാണുന്നതിന്റെ ഭാഗമാണ്.

'ക്വിവ്വാമുസ്സുന്ന' എന്നറിയപ്പെടുന്ന അബുൽ ക്വാസിം അൽ അസ്ബഹാനി തന്റെ 'അത്തർഗീബു വത്തർഹീബ്' എന്ന ഗ്രന്ഥത്തിൽ അബ്ദുല്ലാഹിബ്നു അബ്ബാസ്(റളിയല്ലാഹു അൻഹു) പറഞ്ഞതായി റിപ്പോർട്ട് ചെയ്യുന്നു.
"മടിയനായ അവസ്ഥയിൽ നിസ്കാരത്തിന് നിൽക്കുക എന്നത് കറാഹത്താണ്. മറിച്ച്, പ്രസന്നമായ മുഖത്തോടെയും അങ്ങേയറ്റത്തെ ആഗ്രഹത്തോടെയും അത്യധികം സന്തോഷത്തോടെയുമാണ് നിസ്കാരത്തിനായി നിൽക്കേണ്ടത്. കാരണം, അവൻ അവന്റെ റബ്ബിനോട് രഹസ്യ സംഭാഷണത്തിലേർപ്പെടുകയാണ്. പാപങ്ങൾ പൊറുത്ത് കൊടുക്കുകയും പ്രാർത്ഥിച്ചാൽ ഉത്തരം നൽകുകയും ചെയ്തുകൊണ്ട് നിശ്ചയമായും അല്ലാഹു അവന്റെ മുമ്പിലുണ്ട്."
എന്നിട്ടദ്ദേഹം ഈ ആയത്ത് പാരായണം ചെയ്തു.

{وإذا قاموا إلى الصلاةِ قاموا كسالى}

"അവർ (മുനാഫിക്വുകൾ) നിസ്കാരത്തിലേക്ക് നിന്നാൽ മടിയന്മാരായി നിൽക്കും." (നിസാഅ് 42).

മടിയും, സമയം വൈകിക്കലും, പിന്നേക്ക് വെക്കലും, അലംഭാവം കാണിക്കലുമെല്ലാം അടിമയിലുണ്ടാകാൻ കാരണം, അവന്റെ ഹൃദയത്തിന്റെ തളർച്ചയും ദുർബ്ബലതയുമാണ്. അതുപോലെത്ത

ന്നെ, നിസ്കാരത്തിന്റെ സ്ഥാനവും മൂല്യവും അവൻ മനസ്സിലാക്കാത്തത് കൊണ്ടും.

സംഘമായുള്ള 'ജമാഅത്ത്' നിസ്കാരത്തിന്റെ കാര്യത്തിൽ ഈ ഉമ്മത്തിന്റെ ആദ്യ കാലക്കാർ എത്രമാത്രം പ്രാധാന്യം നൽകിയിരുന്നുവെന്ന് ഇബ്നു മസ്ഊദ് (റളിയല്ലാഹു അൻഹു) വിന്റെ വാക്കുകളിൽ നിന്നും മനസ്സിലാക്കാം.

അദ്ദേഹം പറയുന്നു:

لَقَدْ رَأَيْتُنَا ـ يعني أصحاب النَّبيِّ صلى الله عليه وسلم ـ وَمَا يَتَخَلَّفُ عَنْهَا ـ أي الصَّلاة ـ إِلاَّ مُنَافِقٌ مَعْلُومُ النِّفَاقِ، وَلَقَدْ كَانَ الرَّجُلُ يُؤْتَى بِهِ يُهَادَى بَيْنَ الرَّجُلَيْنِ حتَّى يُقَامَ فِي الصَّفِّ

"അറിയപ്പെട്ട മുനാഫിക്വുകളല്ലാതെ നിസ്കാരത്തിൽ നിന്ന് പിന്തി നിൽക്കാത്ത അവസ്ഥയിലാണ് നബി (ﷺ) യുടെ സ്വഹാബത്തിനെ ഞങ്ങൾ കണ്ടത്. അവരിൽ ഒരാളെ രണ്ടാളുകൾക്കിടയിൽ താങ്ങിക്കൊണ്ട് വന്ന് സ്വഫ്ഫിൽ നിർത്തുമായിരുന്നു."

സ്വഹാബത്തിന്റെ കൂട്ടത്തിൽ ഒരാൾക്ക് പ്രായാധിക്യം കാരണമോ രോഗം കാരണമോ നടക്കാൻ കഴിയാതിരുന്നാൽ അവർ അദ്ദേഹത്തിന്റെ രണ്ട് തോളിലും താങ്ങിപ്പിടിച്ച് അദ്ദേഹത്തെ നടക്കാൻ സഹായിച്ച് മുസ്ലിമീങ്ങളുടെ കൂടെ നിസ്കാരത്തിന് സ്വഫ്ഫിൽ കൊണ്ടുവന്ന് നിർത്തുമായിരുന്നു. ഇതെല്ലാം അവരുടെ ഹൃദയങ്ങൾ നിസ്കാരത്തിന്റെ സ്ഥാനവും മൂല്യവും നന്നായി മനസ്സിലാക്കിയിരുന്നു എന്നതുകൊണ്ടാണ്. ഹൃദയങ്ങളിൽ നിസ്കാരത്തിനുള്ള സ്ഥാനം വലുതായപ്പോൾ ദുർബ്ബലമായ അവരുടെ ശരീരങ്ങൾ, അങ്ങേയറ്റം ബലഹീനമായിരുന്നിട്ടും കൂടി പള്ളിയിലേക്ക് ചലിച്ചു.

ഓരോ ദിവസത്തിന്റെയും തുടക്കത്തിലുള്ള ഫജ്ർ നിസ്കാരത്തിന് പ്രത്യേക പ്രാധാന്യമുണ്ട്. അത് നിർവ്വഹിക്കേണ്ട രൂപത്തിൽ പതിവാക്കുക എന്നത് ഒരാളുടെ ദിവസത്തെ മുഴുവൻ സൗഭാഗ്യത്തിന്റെയും വിജയത്തിന്റെയും ലക്ഷണമാണ്. അതിനെ പാഴാക്കി കളയുന്നത്-അല്ലാഹുവാണെ സത്യം-ആ ദിവസത്തെ മുഴുവൻ പാഴാക്കി കളയലാണ്. ആ ദിവസത്തെ ബറകത്ത് അതുകൊണ്ട് നഷ്ടമാവുകയും ചെയ്യും.

ഈ അർത്ഥത്തിൽ ചിന്തിക്കപ്പെടേണ്ടതാണ് ബുഖാരിയിലും മുസ്‌ലിമിലും സ്ഥിരപ്പെട്ട അബൂഹുറൈറ(റളിയല്ലാഹു അൻഹു)വിന്റെ ഈ ഹദീഥ്. നബി (ﷺ) പറഞ്ഞു:

يَعْقِدُ الشَّيْطَانُ عَلَى قَافِيَةِ رَأْسِ أَحَدِكُمْ إِذَا هُوَ نَامَ ثَلاَثَ عُقَدٍ؛ يَضْرِبُ عُقْدَةًعَلَيْكَ لَيْلٌ طَوِيلٌ فَارْقُدْ، فَإِنِ اسْتَيْقَظَ فَذَكَرَ اللهَ انْحَلَّتْ عُقْدَةٌ، فَإِنْ تَوَضَّأَ انْحَلَّتْ كُلَّ عُقْدَةٌ، فَإِنْ صَلَّى انْحَلَّتْ عُقْدَةٌ؛ فَأَصْبَحَ نَشِيطًا طَيِّبَ النَّفْسِ، وَإِلاَّ أَصْبَحَ خَبِيثَ النَّفْسِ كَسْلاَنَ

“ഉറങ്ങിക്കഴിഞ്ഞാൽ നിങ്ങളിൽ ഓരോരുത്തരുടെയും തലയുടെ പിരടിയിൽ പിശാച് മൂന്ന് കെട്ടുകൾ കെട്ടും. ഓരോ കെട്ടും അവൻ അടിച്ച് മുറുക്കും. (എന്നിട്ട് ഇപ്രകാരം പറയും), “നിനക്ക് സുദീർഘമായ രാത്രിയുണ്ട്, നീ ഉറങ്ങിക്കൊള്ളുക.”

എന്നിട്ടവൻ ഉണർന്ന് അല്ലാഹുവിനെ സ്മരിച്ചാൽ ഒരു കെട്ട് അഴിയും. വുദൂ ചെയ്താൽ അടുത്ത് കെട്ട് അഴിയും. നിസ്കരിച്ചാൽ അടുത്ത കെട്ടും അഴിയും. അങ്ങനെ നല്ല മനസ്സോടെ ഉൻമേഷവാനായി നേരം പുലരും. അല്ലെങ്കിൽ, വൃത്തികെട്ട മനസ്സോടെ മടിയനായി കൊണ്ടും അവൻ നേരം പുലരും.

ഇതാണ് ഫജ്ർ നമസ്കാരം ഉപേക്ഷിച്ചവന്റെ അവസ്ഥ. അവന്റെ മനസ്സ് മലീമസമായിരിക്കും. ആ ദിവസം മുഴുവൻ അലസത

യിലായിരിക്കും. എന്നാൽ, കൃത്യ സമയത്ത് നിർവ്വഹിക്കേണ്ട പ്രകാരം മുസ്‌ലിംകളുടെ കൂടെ ജമാഅത്തായത് നിർവ്വഹിച്ചാൽ അത് ആ ദിവസത്തെ സൗഭാഗ്യത്തിന്റെയും നൻമയുടെയും ബറകത്തിന്റെയും ലക്ഷണമായിരിക്കും.

ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച അബ്ദുല്ലാഹിബ്നു മസ്ഊദ് (റഹിമഹുല്ലാ) വിന്റെ ഈ ഹദീഥും ഏറെ ചിന്തിക്കേണ്ടതാണ്.

ذُكِرَ عِنْدَ النَّبِيِّ صلى الله عليه وسلم رَجُلٌ نَامَ لَيْلَهُ حتَّى أَصْبَحَ قَالَ:

ذَاكَ رَجُلٌ بَالَ الشَّيْطَانُ فِي أُذُنَيْهِ ـ أَوْ قَالَ ـ فِي أُذُنِه»

"തന്റെ രാത്രി മുഴുവനായും, നേരം പുലരുവോളം ഉറങ്ങിയ ഒരാളെക്കുറിച്ച് റസൂൽ (ﷺ) യുടെ അടുക്കൽ പറയപ്പെട്ടു. അപ്പോൾ റസൂൽ (ﷺ) പറഞ്ഞു:

"തന്റെ ഇരു ചെവികളിലും പിശാച് മൂത്രമൊഴിച്ച ആളാണ് അയാൾ."

ഇത് ആലങ്കാരിക പ്രയോഗമല്ല. ശരിയായ അർത്ഥത്തിൽ തന്നെ പിശാച് മൂത്രമൊഴിക്കും എന്ന് ഉലമാക്കൾ വിശദീകരിച്ചിട്ടുണ്ട്.

പിശാചിന്റെ മൂത്രം കൊണ്ട് മലീമസമായ ചെവിയും കൊണ്ട് എണീക്കുന്ന ആളുടെ അവസ്ഥ എത്ര മോശമാണ്!!

ഉറക്കിൽ മുഴുകി ഫജ്ർ നിസ്കാരം ഒഴിവാക്കുന്നവന്റെ അവസ്ഥയാണിത്.

നബി (ﷺ) കണ്ട ഒരു സ്വപ്നം വിശദീകരിക്കുന്ന, ഇമാം ബുഖാരി സമുറതുബ്നു ജുൻദുബിൽ നിന്നും ഉദ്ധരിക്കുന്ന ദീർഘമായ

ഹദീഥും ഏറെ ചിന്തിക്കേണ്ടതാണ്. പ്രസ്തുത ഹദീഥിൽ നബി (ﷺ) പറഞ്ഞു:

وَإِنَّا أَتَيْنَا عَلَى رَجُلٍ مُضْطَجِعٍ وَإِذَا آخَرُ قَائِمٌ عَلَيْهِ بِصَخْرَةٍ، وَإِذَا هُوَ يَهْوِي بِالصَّخْرَةِ لِرَأْسِهِ فَيَثْلَغُ رَأْسَهُ، فَيَتَدَهْدَهُ الحَجَرُ هَهُنَا، فَيَتْبَعُ الحَجَرَ فَيَأْخُذُهُ فَلاَ يَرْجِعُ إِلَيْهِ حَتَّى يَصِحَّ رَأْسُهُ كَمَا كَانَ، ثُمَّ يَعُودُ عَلَيْهِ فَيَفْعَلُ بِهِ مِثْلَ مَا فَعَلَ المَرَّةَ الأُولَ

"കിടക്കുന്ന ഒരാളുടെ അടുക്കൽ ഞങ്ങളെത്തി. അയാളുടെ അടുക്കൽ മറ്റൊരാൾ ഒരു പാറക്കല്ലുമായി നിൽക്കുന്നുണ്ട്. ആ പാറ കൊണ്ട് അയാൾ കിടക്കുന്നയാളുടെ തലക്ക് നേരെ ഓങ്ങുകയും തല ചതക്കുകയും ചെയ്യുന്നു. ശേഷം ആ കല്ല് ഉരുണ്ട് പോകുമ്പോൾ അയാളതിന് പിറകെ പോയി അതെടുത്ത് കിടക്കുന്നയാളുടെ അടുത്തേക്ക് തിരിച്ചെത്തുമ്പോഴേക്ക് അയാളുടെ തല പഴയ പോലെത്തന്നെ ശരിയായിട്ടുണ്ടാകും. പിന്നെയും ആദ്യം ചെയ്ത പോലെ ആവർത്തിച്ച് ചെയ്യുന്നു."

ഹദീഥിന്റെ അവസാനം റസൂൽ (ﷺ) പറഞ്ഞു.

أَمَّا الرَّجُلُ الأَوَّلُ الَّذِي أَتَيْت عَلَيْهِ يُثْلَغُ رَأْسُهُ بِالحَجَرِ؛ فَإِنَّهُ الرَّجُلُ يَأْخُذُ القُرْآنَ فَيَرْفُضُهُ، وَيَنَامُ عَنِ الصَّلاة المَكْتُوبَةِ

"ആദ്യം നിങ്ങൾ കടന്നുപോയ, പാറ കൊണ്ട് തല ചതക്കപ്പെടുന്നയാൾ ക്വുർആൻ പഠിച്ച ശേഷം അത് ഉപേക്ഷിക്കുകയും നിർബന്ധ നിസ്കാരത്തെ തൊട്ട് ഉറങ്ങുകയും ചെയ്തയാളാണ്."

ഉറക്കത്തിന്റെ സ്ഥാനം തലയായതിനാൽ നിസ്കാരത്തെതൊട്ട് ഉറങ്ങിയതിനുള്ള ശിക്ഷ അയാളുടെ തലക്ക് നിശ്ചയിച്ചു.

പ്രിയപ്പെട്ട മോനേ!
നിന്റെ മാതൃക സച്ചരിതരായ നിന്റെ മുൻഗാമികളിലാകട്ടെ.

വകീഉബ്നുൽ ജർറാഹ് (റഹിമഹുല്ലാ) പറയുന്നു;

كانَ الأعمشُ قريبًا من سَبعين سنةً لم تَفُته التَّكبيرةُ الأولى، واختَلفْتُ إليه قريبًا من سَبْعينَ؛ فَما رأيتُه يقضِي ركعةً

"അഅ്മശ് (റഹിമഹുല്ലാ) ക്ക് എഴുപത് വർഷത്തോളമായി, (ഇമാമിന്റെ കൂടെ) ഒന്നാമത്തെ തക്ബീർ നഷ്ടപ്പെട്ടിട്ടില്ല. ഏതാണ്ട് എഴുപത് വർഷത്തോളം ഞാൻ പലപ്പോഴായി അദ്ദേഹത്തിന്റെയടുക്കൽ പോകാറുണ്ടായിരുന്നു. (ഇമാമിന്റെ കൂടെ നഷ്ടപ്പെട്ട) ഒരു റക്അത്തെങ്കിലും (സലാമിന് ശേഷം) അദ്ദേഹം നിസ്കരിച്ച് വീട്ടുന്നത് ഞാൻ കണ്ടിട്ടില്ല."

ഗസ്സാൻ (റഹിമഹുല്ലാ) പറയുന്നു;

ما رأيتُ عمِّي فاتَتْه التَّكبيرةُ الأُولى :حدَّثني ابنُ أخي بشر بن منصُور، قال

"എന്റെ സഹോദര പുത്രനായ ബിശ്റുബ്നു മൻസ്വൂർ എന്നോട് പറഞ്ഞു: എന്റെ പിതൃവ്യന്, (ഇമാമിനോടൊപ്പം) ഒന്നാമത്തെ തക്ബീർ കിട്ടാതെ പോയതായി ഞാൻ കണ്ടിട്ടില്ല."

സഈദുബ്നുൽ മുസ്വയ്യിബ് (റഹിമഹുല്ലാ) പറയുന്നു.

ما فاتَتْني التَّكبيرةُ الأُولى منذُ خمسينَ سنةً، وما نظرتُ إلى قفَا رجلٌ في الصَّلاة منذُ خمسينَ سنة

"അമ്പത് വർഷമായി എനിക്ക് (ഇമാമിന്റെ കൂടെ) ഒന്നാമത്തെ തക്ബീർ നഷ്ടപ്പെട്ടിട്ടില്ല. അമ്പത് വർഷമായി (നിസ്കാരത്തിൽ)

ഒരാളുടെയും പിരടിയിലേക്ക് ഞാൻ നോക്കിയിട്ടില്ല. (ഒന്നാമത്തെ സ്വഫ്ഫിൽ പതിവായി എത്തുന്നത് കൊണ്ട്)."

മുഹമ്മദ്ബ്നു സമാഅ (റഹിമഹുല്ലാ) പറഞ്ഞു:

مكثتُ أربعين سنةً لم تفُتْني التَّكبيرةَ الأولى معَ الإمام إلاَّ يومَ ماتَت فيه أمِّي ففَاتَتْني صلاةٌ واحدةٌ في الجماعة

"ഇമാമിന്റെ കൂടെ ഒന്നാമത്തെ തക്ബീർ നഷ്ടപ്പെടാതെ നാൽപത് വർഷം ഞാൻ കഴിച്ചു കൂട്ടി. എന്റെ ഉമ്മ മരിച്ച ദിവസമൊഴികെ. അന്നെനിക്ക് ഒരു നമസ്കാരം ജമാഅത്ത് നഷ്ടപ്പെട്ടു!!."

അബൂദാവൂദ് പറയുന്നു:

وكانَ إذَا رفَعَ المطرَقَةَ فسَمِعَ :كانَ إبراهيمُ الصَّائغ رجُلا صَالحًا، قتلَه أبو مُسلم بعَرَنْدَس، قال النِّداءَ سَيَّبَها

"കൊല്ലപ്പണിക്കാരനായ ഇബ്റാഹീം (ഇബ്നു മൈമൂൻ) സ്വാലിഹായ മനുഷ്യനായിരുന്നു.......അദ്ദേഹം തന്റെ ചുറ്റിക അടിക്കാനായി ഉയർത്തിയ ശേഷം ബാങ്ക് വിളി കേട്ടാൽ ആയുധം അടിക്കാതെ താഴെ വെക്കുമായിരുന്നു."

ആബ്റാഹീം അത്തൈമി (റഹിമഹുല്ലാ ) പറഞ്ഞു:

إذَا رأيتَ الرَّجُل يتَهاونُ في التَّكبيرة الأولى فاغْسِل يدَكَ منه

"ഒന്നാമത്തെ തക്ബീറിന്റെ കാര്യത്തിൽ അലംബാവം കാണിക്കുന്ന ഒരാളെ നീ കണ്ടാൽ അവനിൽ നിന്നും നീ നിന്റെ കൈകഴുകി (ഒഴിവാക്കുക)."

പ്രിയപ്പെട്ട മോനേ!

തീർച്ചയായും നിസ്കാരം മുഅ്മിനീങ്ങളുടെ പ്രകാശമാണ്. അവരുടെ ഹൃദയങ്ങളുടെ വെളിച്ചമാണ്. അടിമയുടെയും അവന്റെ റബ്ബിന്റെയും ഇടയിലുള്ള ബന്ധം ചേർക്കലാണത്. അവൻ നമസ്കാരം പൂർണ്ണതയോടെ നിർവ്വഹിച്ചാൽ,നിസ്കാരത്തിന്റെ നിർബന്ധവും ഐച്ഛികവുമായ എല്ലാ കാര്യങ്ങളും അവന്റെ നിസ്കാരത്തിൽ ഒരുമിച്ചുണ്ടായാൽ, നിസ്കാരത്തിന്റെ കാതലായ, ഏറ്റവും പ്രധാനപ്പെട്ട ഭാഗമായ ഹൃദയസാന്നിധ്യം അവന് ലഭിക്കും.

നിസ്കാരത്തിലേക്ക് പ്രവേശിച്ചാൽ അവന്റെ റബ്ബിന്റെ അടുക്കലേക്ക് പ്രവേശിക്കുന്നതായി അവന് അനുഭവപ്പെടും.

അവന്റെ മുമ്പിലുള്ള തന്റെ നിർത്തം ഭയഭക്തിയും അച്ചടക്കവുമുള്ള അടിമയുടെ നിർത്തമായിരിക്കും. പറയുന്നതും ചെയ്യുന്നതുമായ എല്ലാ കാര്യങ്ങളും മനഃസാന്നിധ്യത്തോടെയായിരിക്കും. തന്റെ റബ്ബിനോടുള്ള രഹസ്യ സംഭാഷണത്തിലും പ്രാർത്ഥനയിലും അവൻ പൂർണ്ണമായും മുഴുകിയിരിക്കും.

അതുകൊണ്ട് തന്നെ,നിസ്കാരം എല്ലാ നൻമകൾക്കും ഉൽകൃഷ്ട ഗുണങ്ങൾക്കും ഏറ്റവും വലിയ സഹായിയും മ്ലേച്ഛതയിൽ നിന്നും തിൻമകളിൽ നിന്നുമുള്ള ഏറ്റവും വലിയ വിലക്കും ആണെന്നതിൽ ഒരു സംശയവുമില്ല.

നിസ്കാരത്തിന്റെ മഹത്തായ ഫലങ്ങളിൽ പെട്ടതാണ്; അത് പാപമോചനത്തിനും തിൻമകൾ മായ്ക്കപ്പെടാനും തെറ്റുകൾ പൊറുക്കപ്പെടാനുമുള്ള മഹത്തായ ഒരു കവാടമാണ് എന്നത്.

ഇമാം ബുഖാരിയും മുസ്‌ലിമും അബൂഹുറൈറ (റളിയല്ലാഹു അൻഹു) വിൽ നിന്നും ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ നബി(ﷺ) പറഞ്ഞു:

أَرَأَيْتُمْ لَوْ أَنَّ نَهَرًا بِبَابِ أَحَدِكُمْ يَغْتَسِلُ فِيهِ كُلَّ يَوْمٍ خَمْسًا؛ مَا تَقُولُ ذَلِكَ يُبْقِي مِنْ دَرَنِهِ؟

قَالُوا: لاَ يُبْقِي مِنْ دَرَنِهِ شَيْئًا؛ قَالَ
فَذَلِكَ مِثْلُ الصَّلَوَاتِ الخَمْسِ يَمْحُو اللهُ بِهَا الخَطَايَا

"നിങ്ങളിൽ ഒരാളുടെ (വീടിന്റെ) വാതിലിനടുത്ത് കൂടെ ഒഴുകുന്ന നദിയിൽ അയാൾ എല്ലാ ദിവസവും അഞ്ച് നേരം കുളിക്കുകയാണെങ്കിൽ അയാളുടെ കാര്യത്തിൽ നിങ്ങൾ എന്താണ് അഭിപ്രായപ്പെടുന്നത്? അത് അയാളുടെ അഴുക്കിനെ വല്ലതും ബാക്കി വെക്കുകുമോ?

സ്വഹാബത്ത് പറഞ്ഞു: അയാളുടെ ഒരു അഴുക്കും അത് ബാക്കിയാക്കുകയില്ല.

റസൂൽ (ﷺ) പറഞ്ഞു:

"ഇതാണ് അഞ്ച് നേരത്തെ നിസ്കാരത്തിന്റെ ഉപമ. അല്ലാഹു അതു മുഖേന തെറ്റുകൾ മായ്ച്ച് കളയും."

നിസ്കാരത്തിന്റെ കാര്യം ഗൗരവത്തോടെ കാണാനും പതിവായി നല്ല രൂപത്തിൽ അത് നിർവ്വഹിക്കാനും നിനക്ക് തൗഫീക്ക് ചെയ്യാൻ ഞാൻ ഔദാര്യവാനായ അല്ലാഹുവോട് പ്രാർത്ഥിക്കുകയാണ്.

അതുപോലെത്തന്നെ, നിനക്ക് ഹൃദയ വിശാലത നൽകാനും, നിന്റെ കാര്യങ്ങൾ എളുപ്പമാക്കിത്തരാനും ഇരു ലോകത്തും നിന്റെ സ്ഥാനവും പദവിയും ഉയർത്താനും ഞാൻ അവനോട് ചോദിക്കുന്നു.

എന്ന് നിന്റെ പ്രിയപ്പെട്ട ഉപ്പ.

…...........................

അസ്സലാമു അലൈക്കും.